ശ്രീ. ടി.കെ. രാമകൃഷ്ണൻ: അൽപ്പംകൂടി പ്രസംഗിച്ചോട്ടെ, ഡെപ്യൂട്ടി സ്പീക്കർ സി. പി. ഐ. യുടെ ആളല്ലേ. അപ്പോഴും പിന്നെ പാർട്ടി പ്രവർത്തകനു് എന്താണു് പ്രയാസം.

(ബഹളം)

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പു്): സർ, 2.4.1979-ൽ ആറരമണിയോടുകൂടി മുകുന്ദപുരം താലൂക്കിൽ പടിയൂർ പഞ്ചായത്തിൽ വിരുത്തിപ്പറമ്പിൽ ദേവദാസു്, അയാളുടെ ജ്യേഷ്ഠൻ ശ്രീനിവാസൻ, ആണ്ടിക്കൂട്ടു രാമകൃഷ്ണൻ, ആണ്ടിക്കൂട്ടു പുഷ്പാംഗദൻ, വിരുത്തിപ്പറമ്പിൽ രാമകൃഷ്ണൻ, പെതിചേരി ഗോപി എന്നീ മാർക്സിസ്റ്റു് അനുഭാവികളും പടിയൂർ പഞ്ചായത്തിൽ കൂടക്കര വീട്ടിൽ കിട്ടുണ്ണി മകൻ 30 വയസ്സുള്ള കെ.കെ. രവിയെ അടിച്ചും കുത്തിയും വെട്ടിയും മാരകമായി മുറിവേൽപ്പിച്ചു കൊലപ്പെടുത്തി. മരണപ്പെട്ട രവി ഒരു പെത്തുതൊഴിലാളിയും സി.പി.ഐ. പടിയൂർ ബ്രാഞ്ചു് സെക്രട്ടറിയുമാണു്. ഇതേ സംബന്ധിച്ചു് ഇരിങ്ങാലക്കുട പോലീസു് ഐ.പി.സി. 143, 148, 149, 302 വകുപ്പുകളും പ്രകാരം 79-ൽ 112-ാം നമ്പരായി കേസു് രജിസ്റ്റർചെയ്തിട്ടുണ്ടു്. ഈ കേസു് ക്രൈംബ്രാഞ്ചു് അന്വേഷിച്ചുവരുന്നു. ഈ കൊലപാതകത്തിനു കാരണം പൂർവ്വവൈരാഗ്യമാണു്. രാഷ്ട്രീയമായിട്ടുള്ള കാരണങ്ങളൊന്നുംതന്നെ പറയുന്നില്ല. ഇതിനു കാരണമുണ്ടു്: രവിയും കൊച്ചപ്പൻ എന്ന മറ്റൊരാളുംകൂടി മാർച്ചുമാസം 26-ാം തീയതി രാത്രി 8 മണിക്കു് 2-ാം പ്രതി ശ്രീനിവാസന്റെ സുഹൃത്തായ ധർമ്മരാജനെ ദേഹോപദ്രവമേൽപ്പിച്ചു. ഇതുസംബന്ധിച്ചു് ഒരു കേസു് ഇരിങ്ങാലക്കുടയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടു്. സർ, ഇതിനെപ്പറ്റി മാർച്ചു് 29-ാം തീയതി, കൊല്ലപ്പെട്ട രവിയും ശ്രീനിവാസനുമായി വാക്കുതർക്കമുണ്ടായി. പക്ഷേ ഈ വാക്കുതർക്കത്തെപ്പറ്റി പോലീസിൽ ആരുംതന്നെ പരാതിപ്പെട്ടിട്ടില്ല.

ഇന്നലെ (5.4.79) ഏഴുമണിയോടുകൂടി ഈ പറഞ്ഞ എല്ലാ പ്രതികളെയും അറസ്റ്റുചെയ്യുകയും കൊലയ്ക്കുപയോഗിച്ച ആയുധങ്ങളും കണ്ടെടുക്കുകയും ചെയ്തു. ഇപ്പോൾ അവിടെ സ്ഥിതിഗതികളും ശാന്തമായിട്ടുണ്ടു്. ഇപ്പോൾ രാഷ്ട്രീയമായിട്ടുള്ള കാരണങ്ങളൊന്നും പറയുന്നില്ല; പക്ഷേ രണ്ടുവിഭാഗത്തിൽപ്പെട്ട ആളുകളായതുകൊണ്ടു രാഷ്ട്രീയമായി മാറുമോ എന്ന സംശയംമാത്രമേയുള്ളൂ. സ്ഥിതിഗതികളെല്ലാം ശാന്തമായിരിക്കുന്നതുകൊണ്ടു് കൂടുതൽ ചർച്ച ആവശ്യമില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട രാജൻ, ഈ സംസ്ഥാനത്തെ ലാ ആൻഡു് ആർഡർ സിറ്റുവേഷൻ വളരെ മോശമാണെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി വരദരാജൻനായർ ഉത്തരംപറയാൻ എഴുന്നേറ്റുനിന്നു. എന്തടിസ്ഥാനത്തിലാണെന്നു് അറിഞ്ഞാൽകൊള്ളാം.

ശ്രീ. കെ. നാരായണക്കുറുപ്പു്: പറയേണ്ടതു ഞാനാണു്, ഞാൻ പറഞ്ഞു.

[Mr. Deputy Speaker in the Chair]

IV. നിയമനിർമ്മാണകാര്യം

1978-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ചു്. മുഹമ്മദുകോയ): സർ എനിക്കു് ഒന്നു സമർപ്പിക്കാനുണ്ടു്. ഈ ബില്ലിന്റെ ഉദ്ദേശം വളരെ പരിമിതമാണു്. മൂന്നു സർവ്വകലാശാലകളിലെയും നാനാവിധമായ സംഗ

LIBRARY ARCHIVES Kerala Legislative Assembly

തികളെക്കുറിച്ചും ഇവിടെ ചർച്ചചെയ്തുകഴിഞ്ഞു. അപ്പോഴൊന്നും ഞാൻ ഇടപെടാൻ ഉദ്ദേശിച്ചില്ല. ഇനിയെങ്കിലും ബിൽ പാസാക്കത്തക്ക വിധത്തിൽ ചർച്ച അങ്ങു നിയന്ത്രിക്കണമെന്നപേക്ഷിക്കുന്നു.

The question that the University Laws (Amendment) Bill, 1978 be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 to 4

The question that clauses 2 to 4 stand part of the Bill was put and carried.

Clauses 2 to 4 were added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and title were added to the Bill.

Minister for Education (**Shri C. H. Mohammed Koya**): Sir, I move that the Bill may be finally passed.

Minister for Finance (**Shri S. Varadarajan Nair**):

I Second it.

ശ്രീ. ടി.എം. ജേക്കബ്: സർ, ഞാൻ ഈ ബില്ലിന്റെ ചർച്ചയിൽ വളരെ ദീർഘമായി പങ്കെടുക്കണമെന്നാഗ്രഹിക്കുന്നില്ല. വളരെ പരിമിതമായ ആവശ്യങ്ങൾ ഉന്നയിക്കാള്ളുന്ന അത്യാവശ്യമായ ചില ഭേദഗതികളാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ യൂണിവേഴ്സിറ്റികളിൽ ഇന്നുള്ള പോരായ്മകളെക്കുറിച്ചു വളരെ ഗൗരവത്തോടുകൂടി നാം വീക്ഷിക്കേണ്ട സാഹചര്യമാണുള്ളതെന്ന് എനിക്കു തോന്നുന്നു. പ്രത്യേകിച്ചും യൂണിവേഴ്സിറ്റി പരീക്ഷകൾ നടത്തുന്നതിലെ ക്രമക്കേടുകൾ ഓരോ പരീക്ഷ കഴിയുന്തോറും വർദ്ധിച്ചുവരികയാണ്. ഇപ്പോൾ യൂണിവേഴ്സിറ്റിപരീക്ഷകൾ ആരംഭിക്കാൻ പോകുന്നു. ഈ വർഷം ചില വിഷയങ്ങളിൽ സെൻട്രലൈസ്ഡ് വാല്യൂവേഷൻ ഏർപ്പെടുത്താനുള്ള നടപടികൾ യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ പരാമർശിച്ച പല കാര്യങ്ങളിലേക്കും കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല; പ്രധാനപ്പെട്ട ഒരു സംഗതി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണു ഞാനാഗ്രഹിക്കുന്നത്. നിലവിലിരിക്കുന്ന നിയമമനുസരിച്ച് ഗവൺമെന്റിനു യൂണിവേഴ്സിറ്റിയുടെ മേൽ നിയന്ത്രണം വളരെ കുറവാണ്. ഈ വസ്തുത മനസ്സിലാക്കി യൂണിവേഴ്സിറ്റിയുടെ ഭരണത്തിൽ കുറേക്കൂടി ഇടപെടാനും ഭരണം കുറേക്കൂടി ഫലപ്രദമായി നിയന്ത്രിക്കാനുമുള്ള നിയമനിർമ്മാണം അടിയന്തിരമായി കൊണ്ടുവരണം എന്നു ഞാനഭ്യർത്ഥിക്കുകയാണ്. പരീക്ഷ നടത്തി പേപ്പറുകൾ യൂണിവേഴ്സിറ്റിയിൽ എത്തിക്കഴിഞ്ഞാൽ അതുമടക്കി അയയ്ക്കാൻ വളരെ കാലതാമസമുണ്ടാകുന്നു. അദ്ധ്യാപകർക്ക് ആൻസർ ബുക്കുകൾ കിട്ടി രണ്ടുദിവസം കഴിയുമ്പോൾ ടെലഗ്രാം കിട്ടും, അടുത്ത ദിവസം തന്നെ മടക്കി അയയ്ക്കണം എന്ന്. സാധാരണഗതിയിൽ നമ്മൾ അനുവർത്തിച്ചു വരുന്ന നയം ഒരദ്ധ്യാപകൻ ഒരുദിവസം 30 ആൻസർ ബുക്കിൽ കൂടുതൽ വാല്യൂചെയ്യരുത് എന്നാണ്. പക്ഷേ ഒരദ്ധ്യാപകന്റെ കൈയിൽ

LIBRARY ARCHIVES Kerala Legislative Assembly

പത്തുമുന്നൂറു പേപ്പർ എത്തിച്ചുകൊടുത്തശേഷം രണ്ടു ദിവസംകൊണ്ടു പരിശോധിച്ചു തിരിച്ചയയ്ക്കണമെന്നു പറയുമ്പോൾ പരീക്ഷയെഴുതിയിരിക്കുന്ന വിദ്യാർത്ഥികളോടു നീതി പുലർത്താൻ അദ്ധ്യാപകനു സാധിക്കുന്നില്ല. അതുകഴിഞ്ഞാൽ പരീക്ഷാപേപ്പർ തിരിച്ചയച്ചുകൊടുത്താൽ റിസൽറ്റ് പബ്ലിഷ് ചെയ്യാൻ വളരെ കാലതാമസമുണ്ടാകുന്നുണ്ട്. അതുപോലെ മറെറാരു പ്രധാനപ്പെട്ട സംഗതി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത് യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഇന്നു ഫാസ് നമ്പർ ഇടുന്ന സമ്പ്രദായത്തെപ്പറ്റിയാണ്. സർ, അത് ആവർത്തിക്കരുത് എന്ന അഭിപ്രായമാണെനിക്കുള്ളത്. നമ്മുടെ അദ്ധ്യാപകരെ വിശ്വസിക്കേണ്ട ചുമതല നമുക്കുണ്ട്. ഫാസ് നമ്പർ ആവശ്യമില്ലാത്ത സംവിധാനമാണെന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ട് ആ കാര്യത്തെക്കുറിച്ച് ഗൗരവമായി പരിശോധിക്കേണ്ടതായിട്ടുണ്ട്.

ഈ നിയമസഭയിൽ ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നപ്പോൾ യൂണിവേഴ്സിറ്റി ജീവനക്കാരുടെ ഭാഗത്തുനിന്നു ചില പ്രതിഷേധങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. യൂണിവേഴ്സിറ്റി ആഫീസിൽ ഇരുന്നു പണിയെടുക്കുന്ന അവർ വിദ്യാർത്ഥികളുടെ കാര്യമാണ്; അതുപോലെതന്നെ ഉന്നതവിദ്യാഭ്യാസരംഗമാണ്, തങ്ങൾ കൈകാര്യം ചെയ്യുന്നത് എന്ന ധാരണയൊന്നുംകൂടാതെ വെറും ജീവനക്കാരെന്ന നയം അവലംബിച്ചുകൊണ്ട് ഒരു സമീപനം സ്വീകരിക്കുന്നു. ഇവിടെ നടന്ന പല പരാമർശങ്ങളുടെയും സംബന്ധിച്ചും പ്രതിഷേധസ്വരം അവരുടെ ഭാഗത്തുനിന്ന് ഉയർന്നുവന്നിട്ടുണ്ട്. സർ, ഒരിക്കലും അത് അംഗീകരിക്കാൻ സാധിക്കുകയില്ല. യൂണിവേഴ്സിറ്റി ആഫീസിൽ ജോലിചെയ്യുന്ന ആളുകൾ അൽപ്പംപോലും ഉന്നത വിദ്യാഭ്യാസരംഗത്തോടു നീതിപുലർത്തുന്നില്ല എന്നാണ് എന്റെ അഭിപ്രായം.

ഈ ഭേദഗതി ബില്ലിൽ, ഡയറക്ടർ ഓഫ് കോളജിയേറ്റ് എഡ്യുക്കേഷനെ കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽകൂടി അംഗമാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. മറ്റു രണ്ടു യൂണിവേഴ്സിറ്റികളിലും ഇന്നദ്ദേഹം സിൻഡിക്കേറ്റംഗമായിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽകൂടി സിൻഡിക്കേറ്റംഗമാകുന്നതിന് ബില്ലിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത് സ്വീകാര്യമായ ഒരു സംഗതിയാണ്. പക്ഷേ ഒരു കാര്യം എനിക്കു പറയാനുണ്ട്. നമുക്കുള്ള പോരായ്മ, യൂണിവേഴ്സിറ്റിയിലായാലും ശരി ഗവൺമെന്റിന്റെ മറ്റു തലങ്ങളിലായാലും ശരി ഓരോ ഉദ്യോഗസ്ഥനും അദ്ദേഹത്തിനു വഹിക്കാൻ സാധിക്കുന്നതിൽ കൂടുതലായിട്ടുള്ള അധികാരങ്ങളും ചാർജ്ജുകളും കൊടുക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട് അവർക്ക് കൈകാര്യം ചെയ്യുന്ന കാര്യങ്ങളോടു നീതിപുലർത്താൻസാധിക്കുന്നില്ല. ഇന്ന് ഈ ഡയറക്ടർ സിൻഡിക്കേറ്റംഗമാകുന്നു. മൂന്നു യൂണിവേഴ്സിറ്റികളുടെയും സിൻഡിക്കേറ്റിൽ അദ്ദേഹം അംഗമാകുന്നു. മാസംതോറും മൂന്നുനാലും പ്രാവശ്യം വീതം സിൻഡിക്കേറ്റു യോഗങ്ങളും ചേരാറുണ്ട്. മൂന്നു യൂണിവേഴ്സിറ്റികളിലാകുമ്പോൾ 12 ദിവസം, അല്ലെങ്കിൽ ചുരുങ്ങിയത് 10 ദിവസമെങ്കിലും, സിറ്റിംഗ് ഉണ്ടാകുന്നുണ്ട്. അദ്ദേഹം കോഴിക്കോട്ടും കൊച്ചിയിലും പോകണം. പിന്നെ തിരുവനന്തപുരത്ത് സിൻഡിക്കേറ്റു യോഗങ്ങളിൽ പങ്കെടുക്കണം. ഇതിനെല്ലാം ഈ ഡയറക്ടർ പോകണമെന്നാണു നമ്മൾ വിവക്ഷിക്കുന്നത്. അപ്പോൾ അദ്ദേഹം കൈകാര്യം ചെയ്യുന്ന പലകാര്യങ്ങളും ആഫീസിൽ കൈകാര്യം ചെയ്യാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്നു. അതുകൊണ്ട് ഇന്ന് ഡയറക്ടർക്കുള്ള അധികാരങ്ങളും കുറെയെല്ലാം ഡെലിഗേറ്റ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊടുക്കാനുള്ള അവകാശംകൂടി അദ്ധ്യേഹത്തിനു കൊടുക്കേണ്ടതായിട്ടുണ്ട്. അതല്ലെങ്കിൽ അദ്ധ്യേഹം കൈകാര്യംചെയ്യുന്ന കാര്യങ്ങളും നീതിപൂർവ്വം ചെയ്യാൻ സാധിക്കുകയില്ല. അതു നമ്മുടെ ഉന്നതവിദ്യാഭ്യാസരംഗത്തെ കാര്യമായി ബാധിക്കും. അതുകൊണ്ട് ഡയറക്ടർക്ക് അദ്ധ്യേഹത്തിന്റെ കുറെ അധികാരങ്ങളും ഡെലിഗേറ്റ് ചെയ്തുകൊടുക്കാനുള്ള അവസരംകൂടി കൊടുക്കണം എന്നു ഞാൻ ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

സർ, ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് സ്കീം എന്നു പറഞ്ഞുകൊണ്ട് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. നമ്മുടെ ഈ മൂന്ന് യൂണിവേഴ്സിറ്റികളിലും അത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല. പലപ്പോഴും നമ്മുടെ ഉന്നതവിദ്യാഭ്യാസരംഗം കൈകാര്യംചെയ്യുന്ന ഈ യൂണിവേഴ്സിറ്റികളിലെ ഉന്നത ഉദ്യോഗസ്ഥൻമാർ തമ്മിലുള്ള തർക്കങ്ങളാണ് അതിനു കാരണം. കേരള യൂണിവേഴ്സിറ്റിയുടെ ഉന്നത സ്ഥാനത്തുള്ള വൈസ്ചാൻസലറും കൺട്രോളറും തമ്മിൽ ഉണ്ടായിരുന്ന അഭിപ്രായ വ്യത്യാസത്തെപ്പറ്റി നമുക്കറിയാം. കഴിഞ്ഞപ്രാവശ്യം രജിസ്ട്രാർ ആയിരുന്ന ശ്രീധരമേനോൻ അതിൽനിന്നും പോകാൻ ഉണ്ടായ കാരണവും നമുക്കറിയാം. അതിനെപ്പറ്റി ഗൗരവപൂർവ്വം ആലോചിക്കേണ്ടതുണ്ട്. ഇത്തരത്തിൽ യൂണിവേഴ്സിറ്റിയുടെ ഭരണസംവിധാനത്തിൽ കാര്യമായ നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നിയമനിർമ്മാണം കൊണ്ടുവന്നുകൊണ്ട് ഉന്നതവിദ്യാഭ്യാസരംഗം സംരക്ഷിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് അതിനു പ്രഗൽഭനായ വിദ്യാഭ്യാസവകുപ്പുമന്ത്രി തയ്യാറാകണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, സർവ്വകലാശാലയെ സംബന്ധിച്ച് വളരെ വിമർശനങ്ങളും ഇവിടെ വന്നു. ഞാൻ അതിനു മറുപടി പറയുകയുണ്ടായില്ല. സർവ്വകലാശാലാപരീക്ഷകളുടെ നടത്തിപ്പിൽ അപാകതകളും ഉണ്ടെന്നു സമ്മതിക്കുന്നു. കാലിക്കറ്റ് സർവ്വകലാശാലയുടെ പരീക്ഷാവിഭാഗത്തിന്റെ കൺട്രോളറായിരുന്ന ശ്രീ. വേലപ്പനെ ഇവിടേക്ക് പരീക്ഷാവിഭാഗത്തിന്റെ കൺട്രോളറായി നിയമിച്ചിട്ടുണ്ട്. അദ്ധ്യേഹത്തിന്റെ പരിശ്രമഫലമായി പരീക്ഷയിൽ കുറേക്കൂടി മാറ്റങ്ങളും ഉണ്ടാക്കാൻ സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുന്നതിൽ ഉണ്ടായ കാലതാമസത്തെപ്പറ്റി ഇവിടെ പറഞ്ഞു. പ്രീഡിഗ്രി തലത്തിൽ കേന്ദ്രീകൃത വാല്യുവേഷൻ ഏർപ്പെടുത്തിയിരിക്കുകയാണ്. പത്ത് ഘട്ടങ്ങളിലായി കേന്ദ്രീകൃത വാല്യുവേഷൻ നടത്തുന്നതാണ്. പ്രീഡിഗ്രി പരീക്ഷയിൽ വളരെയേറെ അപാകതകളും നടന്നതായി ഉന്നയിച്ചിട്ടുണ്ട്; എന്നായാലും കേന്ദ്രീകൃത വാല്യുവേഷൻ ഏർപ്പെടുത്തുന്നതോടുകൂടി അതു തീരുമെന്നാണ് വിശ്വസിക്കുന്നത്. പരീക്ഷയിലെ ഇടവേളയെ സംബന്ധിച്ച് വിദ്യാർത്ഥികളും ആക്ഷേപം ഉന്നയിച്ചപ്പോഴും അത് അനുവദിച്ചുകൊടുക്കാതിരിക്കാനുള്ള കാരണം പരീക്ഷാഫലം പ്രഖ്യാപിക്കുന്നതായ തീയതി മാറിപ്പോകാതിരിക്കാൻ വേണ്ടിയാണ്.

സർ, എന്റെ സ്നേഹിതൻ ശ്രീ. ടി. എം. ജേക്കബ് യൂണിവേഴ്സിറ്റി ഓഫീസിലെ അച്ചടക്കത്തെ സംബന്ധിച്ച് പറഞ്ഞു. ഓഫീസുകളിൽ അച്ചടക്കം കർശനമാക്കിയിട്ടുണ്ട്. പത്തര മണിക്കുമുമ്പ് ഹാജർപുസ്തകം മേലുദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. പരീക്ഷാ വിഭാഗത്തിലെ ക്രമക്കേടുകളും കണ്ടുപിടിക്കാൻവേണ്ടി സ്പെഷ്യൽ ഓഫീസർ ഉൾപ്പെടെ മൂന്നുപേരെ വൈസ്ചാൻസലർ

LIBRARY ARCHIVES Kerala Legislative Assembly

സസ്പെൻറു ചെയ്യുകയും അവരുടെമേൽ ശിക്ഷണനടപടികളും എടുക്കുകയും ചെയ്തിട്ടുണ്ട്. പത്രത്തിൽ വരുന്ന പരാതികളെക്കുറിച്ച് കൺട്രോളർ തന്നെ നേരിട്ട് അന്വേഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷനുമായി സഹകരിച്ചുകൊണ്ട് ജില്ലാ ലെവലിലുള്ളവർ പരിശീലനം കൊടുക്കാനുള്ള പരിപാടി ഇന്ന് ചെയ്യുന്നുണ്ട്. വൈസ്ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഒരു ഗ്രീവൻസ് സെല്ല് ഏർപ്പെടുത്തിയിട്ടുണ്ട്.

സർ, ഇവിടെ പല ആരോപണങ്ങളെ സംബന്ധിച്ചും പറഞ്ഞു. ബി.എ. രണ്ടാം വർഷ പരീക്ഷയ്ക്കുള്ള ഉത്തര കടലാസ് ഓഫീസിലെ തൂപ്പുകാർ കടലാസ് കഷണങ്ങൾ കൊണ്ടുവന്ന് ഇടുന്ന സ്ഥലത്തുനിന്നും സെക്യൂരിറ്റി സ്റ്റാഫ് കണ്ടുപിടിച്ച് അധികൃതരെ ഏൽപ്പിച്ചെന്നു പറഞ്ഞു. ഇതിനെപ്പറ്റി അന്വേഷണം നടത്തുന്നുണ്ട്. ഓഫീസ് മുറി അടിച്ച് വാരിയപ്പോൾ അതിൽ വീണ ഉത്തര കടലാസ് തൂപ്പുകാരി എടുത്ത് മാറ്റിയതാകാം. എന്തായാലും ഇതിനെപ്പറ്റി അന്വേഷണം നടത്തുന്നുണ്ട്. കൂടുതലൊന്നും അതിനെപ്പറ്റി പറയുന്നില്ല. 1978 മാർച്ചിലെ പരീക്ഷാ കടലാസ്സാണ്. ഒരു ചീഫ് എക്സാമിനർ 6 മാസം ഉത്തരകടലാസ് സൂക്ഷിക്കണമെന്നും അതുകഴിഞ്ഞാൽ ലേലത്തിൽ വിൽക്കാമെന്നും ഉണ്ട്. അങ്ങനെ ലേലത്തിൽ വിറ്റ കടലാസ് ആയിരിക്കും പുറത്തുനിന്നും കിട്ടിയതെന്ന് വിശ്വസിക്കുന്നു.

സർ, ഈ അവസരത്തിൽ ഒരു പ്രമുഖ പത്രമായ ഹിന്ദു പരീക്ഷകൾ സമയത്തിന് നടത്തുന്നതുമൂലം അച്ചടക്കത്തിന്റെ യുഗം കേരള സർവ്വകലാശാലയിൽ തുടങ്ങിയിരിക്കുന്നു എന്ന് അഭിപ്രായപ്പെട്ടത് ശരിക്കും ഫലപ്രദമാകട്ടെയെന്നും നിയമസഭയിൽ ഉയർന്നുവന്ന ആക്ഷേപങ്ങൾ സർവ്വകലാശാല ശരിക്കും ശ്രദ്ധിക്കുമെന്നും മാറ്റങ്ങൾ ഉണ്ടാകുമെന്നും ഞാൻ വിചാരിക്കുന്നു. അങ്ങനെ ഉണ്ടാകുന്നില്ലെങ്കിൽ സർവ്വകലാശാലയെപ്പറ്റി എന്ത് ചെയ്യണമെന്നുള്ള കാര്യം നമുക്ക് ആലോചിക്കാം.

The question that the University Laws (Amendment) Bill, 1978 be finally passed, was put and carried.

The Bill was finally passed.

V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

1. അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 19-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

Mr. Deputy Speaker: The Report is adopted.

LIBRARY ARCHIVES Kerala Legislative Assembly